Kerala Catholic Bishop's Council (KCBC)
*Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India*
*Tel: +91-484-2805722, 2805815, Fax: +91-484-280614*
*E-mail: deputysecretarykcbc@gmail.com, www.kcbcsite.com*

All Kerala Press Release 04.3.2018
*Ref: 613KCBC/K-6/KPR/DS*

## പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നതി സഭയുടെ ലക്ഷ്യം

കൊച്ചി: സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക
എന്നതാണ് സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ ആത്യന്തികമായ ലക്ഷ്യമെന്ന് സിബിസിഐ വൈസ് പ്രസി
ഡന്റ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അഭിപ്രായപ്പെട്ടു. കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ
പാലാരിവട്ടം പിഒസിയിൽ "കേരള വികസനവും, ആദിവാസി ക്ഷേമവും" എന്ന വിഷയത്തെ ആസ്പദമാക്കി
നടത്തിയ സംവാദം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആദിവാസി, ദളിതർ, മത്സ്യതൊ
ഴിലാളികൾ, കർഷകർ തുടങ്ങി പാർശ്വവല്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരി
ക്കുന്നതിന് സർക്കാർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കേരളത്തിന്റെ വികസന ഭൂപടത്തിൽ ഈ അടി
സ്ഥാന ജനവിഭാഗങ്ങൾ എവിടെ നില്ക്കുന്നു എന്നു പരിശോധിക്കാൻ സർക്കാരിനും സമൂഹത്തിനും കടമയു
ണ്ട്. പട്ടിണിമരണം ഇന്നും ഒരു യാഥാർഥ്യമാണെന്ന് സമീപകാല സംഭവങ്ങൾ ഓർമിപ്പിക്കുന്നു. ആദിവാസി
ഗോത്രസഭാ പ്രസിഡന്റ് എം. ഗീതാനന്ദൻ, കേരള ദളിത് മഹാജന സഭാ പ്രസിഡന്റ് സി.എസ്. മുരളി എന്നിവർ
പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആദിവാസി ദളിത് സമൂഹങ്ങൾക്കു നേരെയുള്ള സാമുദായിക രാഷ്ട്രീയ അതി
ക്രമങ്ങൾ കേരള വികസനത്തിന്റെയും വിമോചന പോരാട്ടങ്ങളുടെയും ചരിത്രത്തിലെ ഇരുളടഞ്ഞ അധ്യായങ്ങ
ളാണെന്നു ശ്രീ ഗീതാനന്ദൻ ചൂണ്ടിക്കാട്ടി. ദളിത് ആദിവാസി സമൂഹങ്ങളെ കൂടാതെയുള്ള കേരള വികസനം
അപ്രായോഗികവും അംഗീകരിക്കാൻ കഴിയാത്തതും ആണ്. ജാതിബോധമാണ് കേരള രാഷ്ട്രീയത്തെ നയിക്കു
ന്നത്. ആദിവാസിക്ക് 3 സെന്റിൽ കൂടുതൽ ഭൂമി പാടില്ലെന്നുള്ളത് ജാതീയതയുടെ വീക്ഷണമാണെന്നും ആദിവാ
സികൾക്ക് സ്വയംഭരണ അവകാശം അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആദിവാസികളുടെ അന്യാ
ധീനപ്പെട്ട ഭൂമി വീണ്ടെടുക്കാനും സംരക്ഷിക്കുവാനും നിയമങ്ങൾ ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു. കേരള
ത്തിൽ പട്ടിണിക്കും ജനക്കൂട്ട അക്രമത്തിനും ജാതിയുണ്ടെന്നും ക്രൈസ്തവ സഭകൾപോലും ഇത്തരം മനോഭാ
വങ്ങളിൽനിന്നു സ്വതന്ത്രമല്ലെന്നും, ആസൂത്രണത്തിലെ ജാതിയമായ കാഴ്ചപ്പാടുകൾക്കു മാറ്റമുണ്ടാകണമെന്നും
സി.എസ്. മുരളി ചൂണ്ടിക്കാട്ടി. സംസ്ഥാന പ്രസിഡന്റ് ശ്രീ പി.കെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പിഒസി ഡയ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

റക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട്, അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, ഡോ. മേരി റെജീന, ജോസ് തോമസ്, അഡ്വ. വർഗീസ് കോയിക്കര, തോമസ് കുണിഞ്ഞി, അഡ്വ. ബിജു പറയന്നിലം, മോൻസൺ കെ. മാത്യു, അഡ്വ. ഷെറി ജെ. തോമസ്, ഷാജി ജോർജ് എന്നിവർ പ്രസംഗിച്ചു. ബാബു അത്തിപ്പൊഴിയിൽ, ഫാ. സാജു സിഎസ്ടി, ഫാ. മാത്യു ജേക്കബ് തിരുവാലിൽ, ബാബു കല്ലുങ്കൽ, ഇമ്മാനുവൽ മൈക്കിൾ, സണ്ണി കൊട്ടാരത്തിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ശ്രീ. പി.കെ. ജോസഫ്**
പ്രസിഡന്റ്
കേരള കാത്തലിക് ഫെഡറേഷൻ

ഫോട്ടോ മാറ്റർ: 'കേരള വികസനവും, ആദിവാസി ക്ഷേമവും' എന്ന വിഷയത്തെ ആസ്പദമാക്കി പാലാരിവട്ടം പിഒസിയിൽ നടന്ന ചർച്ചാ സമ്മേളനം സിബിസിഐ വൈസ് പ്രസിഡന്റും കേരള കാത്തലിക് ഫെഡറേഷന്റെ ചെയർമാനുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. വർഗീസ് വള്ളി ക്കാട്ട്, ശ്രീ സി.എസ്.മുരളി, ശ്രീ എം. ഗീതാനന്ദൻ, ശ്രീ പി.കെ. ജോസഫ്, അഡ്വ. ജസ്റ്റിൻ തുടങ്ങിയവർ സമീപം.